Mathrubhumi 28-11-18, P-4

# ‘അർക്ക രക്ഷക്’ തക്കാളിവിത്ത്

**ജി.എസ്. ഉണ്ണികൃഷ്ണൻ നായർ**

ഭാരതത്തിൽ വികസിപ്പിച്ച ഏറ്റവും മികച്ച സങ്കരയിനം തക്കാളി ‘അർക്ക രക്ഷകിന്റെ’ വിത്ത് ബെംഗളൂരുവിലെ ഹെസർഗട്ടയിലുള്ള ‘ഇന്ത്യൻ ഹോർട്ടികൾച്ചർ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്’ കർഷകർക്ക് ലഭ്യമാക്കുന്നു. 10 ഗ്രാം വിത്ത് 300 രൂപയ്ക്കാണ് നൽകുക.

ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടു ബന്ധപ്പെട്ടോ തുക ഡിമാൻഡ് ഡ്രാഫ്റ്റായോ, NEFT/ RTGS മുഖേന അടച്ചോ വിത്തുകൈപ്പറ്റാം. കൂടുതൽ വിവരങ്ങൾക്ക് seeds.iihr@icar.gov.in എന്ന ഇ-മെയിലിലോ 080-23086100 (Exn: 285) എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാം.

ഹോർട്ടികൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷകൻ ഡോ. സദാശിവയാണ് ‘അർക്ക രക്ഷക്’ വികസിപ്പിച്ചത്. തക്കാളിയെ ബാധിക്കുന്ന ഇലചുരുളൽ, ബാക്ടീരിയ വാട്ടം, ബ്ലൈറ്റ് രോഗം എന്നിവയെ പ്രതിരോധിക്കുന്ന ഇനമാണിത്.

കൃഷിദർശിനി

ഒരേക്കറിലേക്ക് 25 മുതൽ 30 ഗ്രാം വിത്ത് മതി. വിളവ് ഏക്കറിൽനിന്ന് 40 മുതൽ 48 ടൺവരെ കിട്ടും. ചെടി ഒന്നിൽനിന്ന് 140-150 ദിവസംകൊണ്ട് 12 മുതൽ 15 കിലോഗ്രാം തക്കാളി ലഭിക്കും. 80 ഗ്രാമോളം തൂക്കമുള്ള പഴങ്ങൾ ദൃഢ തൊലിയും കടും ചുവപ്പു നിറവുമുള്ളതുമാണ്. പോളിഹൗസിൽ കൃഷി ചെയ്യുമ്പോൾ 60 ടൺ വരെ ഏക്കറിൽ നിന്ന് ലഭിക്കും.

അർക്ക രക്ഷകിന് ശുപാർശ ചെയ്യുന്ന ജൈവവളപ്രയോഗം ഏക്കറിന് നാല് ടണ്ണാണ്. ഇതു കൂടാതെ ഐ.ഐ.എച്ച്.ആർ. വികസിപ്പിച്ച സൂക്ഷ്മ മൂലകമിശ്രിതമായ ‘വെജിറ്റബിൾ സ്പെഷ്യൽ’ അഞ്ച് ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വിളക്കാലത്ത് മൂന്നുതവണ ഇലകളിൽ സ്പ്രേ ചെയ്യണം. പച്ചക്കറിയായും ഉത്പന്ന നിർമാണത്തിനും ഒരുപോലെ അനുയോജ്യമാണ് അർക്ക രക്ഷക്. ഒരേക്കറിലെ കൃഷിയിലൂടെ രണ്ടരലക്ഷം രൂപയോളം ലാഭമുണ്ടാക്കാമെന്ന് കർഷകരുടെ അനുഭവം വെളിപ്പെടുത്തുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ഡോ. സദാശിവം: 9845097472

